(ബി, സി) ഉദിക്കുന്നില്ല.

(ഡി) വന്യജീവി സങ്കേതങ്ങളിലും പാർക്കുകളിലുമുള്ള "കോർസോൺ" അഥവാ അഭയാരണ്യങ്ങൾക്കു ചുറ്റുമാണ് ബഫർ സോണുകൾ ഉള്ളത്. 'കോർസോണി'ലുള്ള സസ്യ-ജന്തു വർഗ്ഗങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നതാണ് ബഫർ സോണുകൾകൊണ്ട് ഉദ്ദേശിക്കുന്നത്.

(ഇ) ബഫർസോണുകൾ വന്യജീവി സങ്കേതത്തിന്റേയും പാർക്കുകളുടേയും ഭാഗം തന്നെയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വിഴിഞ്ഞം കേന്ദ്രമാക്കി താലൂക്ക് രൂപീകരണം

816 [1785] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം ടൂറിസ്റ്റ് കേന്ദ്രവും വിഴിഞ്ഞം ഫിഷിംഗ് ഹാർബറും ഉൾപ്പെടുന്ന വിഴിഞ്ഞം കേന്ദ്രമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ താലൂക്കുകൾ പൊതുവായി പുനഃസംഘടിപ്പിക്കുമ്പോൾ ഈ ആവശ്യവും പരിശോധിക്കാവുന്നതാണ്.

കുണ്ടറയിൽ പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കാനാവശ്യമായ സ്ഥലം

817 [1787] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിൽ ഒരു പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി അലിൻറിനു തൊട്ടുള്ള ഇനാമൽ ഫാക്ടറി കോമ്പൗണ്ടിൽനിന്നും 50 സെന്റ് സ്ഥലം അനുവദിക്കണമെന്ന് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിൽ ജില്ലാകളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly